'SWAMY SARANAM'

# TRAVANCORE DEVASWOM BOARD

OFFICE OF THE ASSISTANT ENGINEER, SDP, NILACKAL

## ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ ഉടമസ്ഥതയിലുള്ള നിലക്കൽ ബേസ് ക്യാമ്പിൽ 1201 ശബരിമല മണ്ഡലം മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ടു, വാഹനങ്ങൾക്ക് അധിക പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി, പുതിയ ഗ്രൗണ്ടുകളുടെ നിർമ്മാണത്തിനായി ഹോസ്പിറ്റൽ ജംഗ്ഷനിൽ നിന്നും ഓക്സിഡേഷൻ പോണ്ടിലേക്കു പോകുന്ന റോഡിൻറെ ഇരുവശത്തും ,പോലീസ് കണ്ട്രോൾ ബാരക്കിനു സമീപം ,പാർക്കിംഗ് നമ്പർ 6 ഇൽ , ദേവസ്വം ഗസ്റ്റ് ഹൗസിന്റെ ഇടത്തെ ഭാഗം , പള്ളിയറക്കാവ് ദേവി ക്ഷേത്രത്തിനു പുറകുവശം ,പാർക്കിംഗ് 16 ഇൽ ,പോത്തുകുഴി ക്വാട്ടേഴ്സിന് സമീപം എന്നിവിടങ്ങളിലെ ശിഖരങ്ങളോട് കൂടിയ 500 എണ്ണം റബ്ബർ മരങ്ങൾ 15/09/2025 പകൽ 1.00 മണിക്ക് നിലക്കൽ ദേവസ്വത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു (Board ROC No:8630/25/M dated: 18/08/2025). ഇതോടനുബന്ധിച്ച ക്വട്ടേഷൻ നൽകുവാൻ ഉദ്ദേശിക്കുന്നവർ സീൽഡ് കവറിൽ ക്വട്ടേഷൻ അന്നേദിവസം പകൽ 12.30 ന് മുൻപായി നിലക്കൽ ദേവസ്വത്തിൽ സമർപ്പിക്കേണ്ടതാണ്. താമസിച്ച ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേദിവസം പകൽ 12.30 ന് മുൻപായി നിലക്കൽ ദേവസ്വത്തിൽ 35,000/- രൂപ കെട്ടിവെച്ച പേരുകൾ രെജിസ്റ്റർ ചെയ്യേണ്ടതാണ്. ലേലത്തിൽ/ ക്വട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് മേല്പടി മരങ്ങൾ ആഫീസ് സമയങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അനുവാദത്തോടെ നേരിൽ കാണാവുന്നതാണ്. ലേല നടപടികൾക്ക് ശേഷം സീൽ ചെയ്ത ക്വട്ടേഷനുകൾ തുറക്കുന്നതും, ലേലത്തിൽ / ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്തിരിക്കുന്ന ആളിന്റെ പേരിൽ ലേലം/ ക്വട്ടേഷൻ ഉറപ്പിക്കുന്നതും, വിജയിയായ ലേലക്കാരൻ / ക്വട്ടേഷൻകാരൻ അന്നേദിവസം തന്നെ ലേലത്തുകയുടെ 50% തുക ഒടുക്കു വരുത്തേണ്ടതും, ബാക്കി 50% തുകയും, ആകെ ലേലത്തുകയുടെ 18 % GST യും ഉൾപ്പെടെ അടുത്ത 2 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ കെട്ടി വെക്കേണ്ടതും, അനുവാദം ലഭിക്കുന്ന മുറയ്ക്ക് 10 ദിവസത്തിനകം കേടുപാടുകൾ വരുത്താതെ മരങ്ങൾ തറനിരപ്പിൽ നിന്നും മുറിച്ചു മാറ്റേണ്ടതുമാണ്. ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റിവെക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡിപ്പാർട്മെന്റിൽ നിക്ഷിപ്തമായിരിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ നിലവിലുള്ള എല്ലാ ലേല / ക്വട്ടേഷൻ വ്യവസ്ഥകളും ടി ലേലത്തിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് നിലക്കൽ അസിസ്റ്റന്റ് എഞ്ചിനിയർ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. ( ഫോൺ നമ്പർ: 9207839574, 8281079100, 9495438567 ).

Sd/-

**അസിസ്റ്റന്റ് എഞ്ചിനീയർ**

നിലക്കൽ.

aenilackal@gmail.com